വയനാട് ജില്ലയിലെ ജൈനക്ഷേത്രങ്ങൾ പരിരക്ഷിക്കുവാൻ നടപടി

26 [1804] ശ്രീ. ടി. എൻ. പ്രതാപൻ:

,, കെ. സി. ജോസഫ്:

,, തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലുള്ള ജൈനക്ഷേത്രങ്ങൾ പുരാവസ്തു വകുപ്പുമായി ചേർന്ന് പരിരക്ഷിക്കുവാൻ ടൂറിസം വകുപ്പ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജൈനക്ഷേത്രങ്ങൾ എന്നറിയിക്കാമോ;

(സി) ഈ ക്ഷേത്രങ്ങളുടെ തനിമയ്ക്കു കോട്ടം തട്ടാതെ പരിരക്ഷിക്കുന്നതിന് വിദഗ്ദ്ധരായ ആളുകളെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) പുത്തനങ്ങാടി ജനാർദ്ദനക്ഷേത്രം, കൃഷ്ണഗുഡി ക്ഷേത്രം

(സി) ഇക്കാര്യത്തിൽ പുരാവസ്തു വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

വൻകിട ജലസേചന പദ്ധതികൾ

27 [1805] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വൻകിട ജലസേചന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രവർത്തനമാരംഭിച്ചവ ഏതെല്ലാം;

(സി) നിർമ്മാണത്തിലിരിക്കുന്നവ ഏതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly